ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 27.06.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ഇന്ത്യയുടെ 'വിഷൻ മഹാസാഗർ ' പദ്ധതിയിലെ സുപ്രധാന പങ്കാളിയാണ് സീഷെൽസ് എന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പ്രധാനമന്ത്രിയുടെ മൂന്ന് ദിവസത്തെ സീഷെൽസ് സന്ദർശനത്തിന് തുടക്കമായി.

   **PM Modi begins three-day visit to Seychelles; calls Island Nation crucial partner in 'Vision MAHASAGAR'.**

2. രാജ്യത്തെ ജനങ്ങളെ സംരംഭകരാക്കുന്നതിനിൽ സൂക്ഷ്മ ചെറുകിട ഇടത്തരം മേഖല വഹിക്കുന്ന പങ്ക് വലുതെന്ന് ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ. എംഎസ്എംഇ ദിനത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ സംഘടിപ്പിച്ച 'ഉദ്യമി ഭാരത്' സമ്മേളനം ഉപരാഷ്ട്രപതി ഉദ്ഘാടനം ചെയ്യു.

   **Vice President C.P. Radhakrishnan Inaugurates 'Udyami Bharat' Conference; highlights MSME role in creating entrepreneurs.**

3. രാജ്യത്തെ ആദ്യ സഹകരണ അധിഷ്ഠിത ടാക്സി സർവീസ്, 'ഭാരത് ടാക്സി' കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഗുജറാത്തിൽ ഉദ്ഘാടനം ചെയ്യു.

   **Union Home Minister Amit Shah inaugurated 'Bharat Taxi', the country's first cooperative-based taxi service, in Gujarat.**

4. പ്രശസ്ത സംവിധായകനും നടനും തിരക്കഥാകൃത്തുമായ കെ. ഭാഗ്യരാജ് അന്തരിച്ചു. അനുശോചനം രേഖപ്പെടുത്തി ഗവർണർ രാജേന്ദ്രവിശ്വനാഥ് ആർലേക്കർ ഉൾപ്പെടെയുള്ളവർ.

**Acclaimed director-actor K. Bhagyaraj passes away; Governor Rajendra Vishwanath Arlekar expresses deep condolences.**

5. **കേരളത്തിൽ വിവിധയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യത. അഞ്ച് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ തിങ്കളാഴ്ച വരെ മത്സ്യ ബന്ധനത്തിന് വിലക്ക്.**

   **Heavy rain is likely in various parts of Kerala. Yellow alert in five districts today. Fishing is banned on Kerala - Karnataka - Lakshadweep coasts until Monday.**

6. **ഫിഫ ലോകകപ്പ് ഫുട്ബോളിൽ നോക്കൗട്ട് റൗണ്ടിൽ പ്രവേശിച്ച് ബെൽജിയവും ഈജിപ്തും.**

   **Belgium and Egypt entered the knockout round in the FIFA World Cup.**

**&&&&&&&&&&&&&&&&&&&&&&&&**

## REV PM- DEPARTURE STATEMENT (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മൂന്ന് ദിവസത്തെ സീഷെൽസ് സന്ദർശനത്തിന് തുടക്കമായി.
ഇന്ത്യയുടെ 'വിഷൻ മഹാസാഗർ' പദ്ധതിയിലെ സുപ്രധാന പങ്കാളിയും വിലമതിക്കാനാകാത്ത അയൽരാജ്യവുമാണ് സീഷെൽസ് എന്ന് സന്ദർശനത്തിന് മുന്നോടിയായി പുറപ്പെടുവിച്ച പ്രസ്താവനയിൽ പ്രധാനമന്ത്രി വ്യക്തമാക്കി.
പരസ്പര വിശ്വാസം, ജനാധിപത്യ മൂല്യങ്ങൾ, ജനങ്ങൾ തമ്മിലുള്ള ബന്ധം എന്നിവയിലധിഷ്ഠിതമാണ് ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. സീഷെൽസ് പ്രസിഡന്റ് ഡോ. പാട്രിക് ഹെർമിനിയുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും.
**വിശദാംശങ്ങളിലേക്ക്....... (ഹോൾഡ് വോയ്സ്)**

## REV PM- DEPARTURE STATEMENT (VOICE)

സീഷെൽസ് ദേശീയ ദിനത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ പ്രധാനമന്ത്രി മുഖ്യാതിഥിയാകും. സീഷെൽസ് ദേശീയ അസംബ്ലിയെ പ്രധാനമന്ത്രി അഭിസംബോധന

ചെയ്യുകയും ഇന്ത്യൻ സമൂഹവുമായി സംവദിക്കുകയും ചെയ്യും. സന്ദർശനത്തിന്റെ ആദ്യ ദിനമായ ഇന്ന് ബൊട്ടാണിക്കൽ ഗാർഡനും സെയ്ഷെൽസ് കോസ്റ്റ് ഗാർഡ് ആസ്ഥാനവും പ്രധാനമന്ത്രി സന്ദർശിക്കും. ഇന്ത്യ-സീഷെൽസ് ഉഭയകക്ഷി സഹകരണം അവലോകനം ചെയ്യുകയും, പരസ്പര താല്പര്യമുള്ള പ്രാദേശിക, അന്തർദേശീയ വിഷയങ്ങളിൽ സെയ്ഷെൽസ് പ്രസിഡന്റുമായി കാഴ്ചപ്പാടുകൾ പങ്കുവെക്കുകയും ചെയ്യും. 2015 ലും പ്രധാനമന്ത്രി സെയ്ഷെൽസ് സന്ദർശിച്ചിരുന്നു. ഇന്ത്യൻ പ്രതിരോധ സേനയുടെ ഒരു വിഭാഗവും നാവികസേനയുടെ രണ്ട് കപ്പലുകളും സീഷെൽസ് ദേശീയ ദിന പരേഡിൽ പങ്കെടുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

ന്യൂസ് ഡസ്ക്, ആകാശവാണി.....

&&&&&&&&&&&&&&&&&&&&&&&&&

## VICE PRESIDENT – KARNATAKA

ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഇന്ന് കർണാടകയിലെത്തും. ബംഗളൂരുവിൽ ഇന്ന് നടക്കുന്ന നാദപ്രഭു ശ്രീ കെമ്പഗൗഡയുടെ ജന്മവാർഷികാഘോഷത്തിലും, രാജീവ് ഗാന്ധി യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസിന്റെ സ്ഥാപക ദിനാചരണത്തിലും അദ്ദേഹം പങ്കെടുക്കും.

&&&&&&&&&&&&&&&&&&&&&&&&&

## SHAH LAUNCH –BHARAT TAXI

രാജ്യത്തെ ആദ്യ സഹകരണ അധിഷ്ഠിത ടാക്സി സർവീസായ 'ഭാരത് ടാക്സി' കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഗുജറാത്തിൽ ഉദ്ഘാടനം ചെയ്തു. ഡ്രൈവർമാർക്ക് സാമ്പത്തിക ലാഭം ഉറപ്പാക്കുന്ന സീറോ-കമ്മീഷൻ മാതൃകയിലാണ് ഭാരത് ടാക്സി പ്രവർത്തിക്കുക. അമുൽ, ഇഫ്കോ, നബാർഡ് ഉൾപ്പെടെ എട്ട് പ്രമുഖ സഹകരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ 'സഹകാർ ടാക്സി കോ-ഓപ്പറേറ്റീവ് ലിമിറ്റഡ്' ആണ് ഭാരത് ടാക്സി വികസിപ്പിച്ചത്.

&&&&&&&&&&&&&&&&&&&&&&&&&

## NADDA- HEALTH CONFERENCE

കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ കൗൺസിലിൻ്റെ 16-ാമത് സമ്മേളനം മറ്റന്നാൾ നടക്കും. ന്യൂഡൽഹിയിൽ നടക്കുന്ന സമ്മേളനത്തിൽ കേന്ദ്ര മന്ത്രി ജെ പി നഡ്ഡ മുഖ്യാതിഥിയാകും. ആരോഗ്യ മേഖലയിൽ കേന്ദ്ര-സംസ്ഥാന സഹകരണം ശക്തിപ്പെടുത്തുന്നതിൻ്റെ ഭാഗമായാണ് യോഗം.

&&&&&&&&&&&&&&&&&&&&&&&&

## RUBIO PM MODI

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തെ പ്രശംസിച്ച് യുഎസ് വിദേശകാര്യ സെക്രട്ടറി മാർക്കോ റൂബിയോ. ഇന്ത്യ ഗണ്യമായ സാമ്പത്തിക പുരോഗതി കൈവരിച്ചതായും ആഗോളതലത്തിൽ നിർണായക ശക്തിയായതായും അദ്ദേഹം പറഞ്ഞു. വൈറ്റ് ഹൗസിൽ ഒരു വാർത്താ ഏജൻസിക്ക് നൽകിയ അഭിമുഖത്തിലാണ് റൂബിയോയുടെ പ്രസ്താവന. വ്യാപാരം, വിതരണ ശൃംഖലകൾ, നിർണായക ധാതുക്കൾ, ഊർജ്ജം, സുരക്ഷ, ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ഇന്ത്യ - യുഎസ് സഹകരണം വിപുലീകരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവെയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് നാളെ രാവിലെ 11 മണിക്ക്. പരിപാടിയുടെ 135 -ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശന്റെയും മുഴുവൻ ശൃംഖലകളിലൂടെയും മൻ കി ബാത്ത് തത്സമയം കേൾക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&&&&&&&

## CENSUS

കേരളത്തിൽ സെൻസസ് 2027 ന്റെ ഭാഗമായി പൊതുജനങ്ങൾക്ക് സ്വന്തമായി വിവരങ്ങൾ

രേഖപ്പെടുത്താനുള്ള സെൽഫ് എന്യൂമറേഷൻ സൗകര്യം മൂന്ന് ദിവസം കൂടി ലഭ്യമാകും. se.census.gov.in എന്ന പോർട്ടലിലാണ് വിവരങ്ങൾ സമർപ്പിക്കേണ്ടത്.

&&&&&&&&&&&&&&&&&&&&&&&&&

## MSME DAY-VP (INTRO)

രാജ്യത്തെ ജനങ്ങളെ സംരംഭകരാക്കുന്നതിൽ, സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലകൾ സുപ്രധാന പങ്കുവഹിക്കുന്നതായി ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ. അന്താരാഷ്ട്ര സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭക ദിനത്തോടനുബന്ധിച്ച് 'ഉദ്യമി ഭാരത്' സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംരംഭകത്വ മേഖലയിലേക്ക് കടന്നുവരുന്നവർക്ക് എം എസ് എം ഇ കൂടുതൽ ആത്മവിശ്വാസം പകരുന്നതായും അദ്ദേഹം പറഞ്ഞു.

**(ഹോൾഡ് വോയ്സ്......)**

രാജ്യത്തെ എം.എസ്.എം.ഇ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായുള്ള അത്യാധുനിക ഡിജിറ്റൽ പോർട്ടലുകളും പദ്ധതികളും ഉപരാഷ്ട്രപതി ഉദ്ഘാടനം ചെയ്തു. നൂതനാശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി 15 ലക്ഷം രൂപ വരെ സാമ്പത്തിക സഹായം നൽകുന്ന 'എം.എസ്.എം.ഇ ഐഡിയ ഹാക്കത്തോൺ 6.0' പദ്ധതിക്കും ഇന്ന് തുടക്കമായി. കേന്ദ്ര എം.എസ്.എം.ഇ മന്ത്രി ജീത്തൻ റാം മാഞ്ചി, കേന്ദ്ര സഹമന്ത്രി ശോഭ കരന്ദ്‌ലാജെ, തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. രാജ്യത്തിൻ്റെ സാമ്പത്തിക വളർച്ച, തൊഴിലവസരങ്ങൾ, നവീകരണം എന്നിവയിൽ എം.എസ്.എം.ഇ മേഖല നൽകുന്ന സംഭാവനകളെ ആദരിക്കുന്നതിനാണ് എല്ലാ വർഷവും ജൂൺ 27 എം.എസ്.എം.ഇ ദിനമായി ആഘോഷിക്കുന്നത്.

&&&&&&&&&&&&&&&&&&&&&&&&&

## K. BHAGYARAJ

പ്രശസ്ത സംവിധായകനും നടനും തിരക്കഥാകൃത്തുമായ കെ. ഭാഗ്യരാജ് അന്തരിച്ചു. 73 വയസായിരുന്നു.

ഹൃദയാഘാതത്തെ തുടർന്ന് ചെന്നൈയിലായിരുന്നു അന്ത്യം. 1979-ൽ പുറത്തിറങ്ങിയ 'സുവരില്ലാത ചിത്രങ്ങൾ' എന്ന

ചിത്രത്തിലൂടെയാണ് അദ്ദേഹം സംവിധായകനായി അരങ്ങേറ്റം കുറിച്ചത്. 25 സിനിമകൾ സംവിധാനം ചെയ്തിട്ടുണ്ട്. മിസ്റ്റർ മരുമകൻ, ഏയ്ഞ്ചൽ ജോൺ എന്നീ മലയാള സിനിമകളിലും അഭിനയിച്ചിട്ടുണ്ട്. ഭാഗ്യരാജിന്റെ നിര്യാണത്തിൽ ഗവർണർ രാജേന്ദ്രവിശ്വനാഥ് ആർലേക്കർ ഉൾപ്പെടെയുള്ളവർ അനുശോചനം രേഖപ്പെടുത്തി.

&&&&&&&&&&&&&&&&&&&&&&&&

**RAIN - KERALA**

കേരളത്തിൽ വിവിധയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്. മലപ്പുറം മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. നാളെ പത്തനംതിട്ട മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയാണ്. ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ തിങ്കളാഴ്ച വരെ മത്സ്യ ബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&&&&&&&&&&&&&

**KERALA NIYAMASABHA**

പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനം തിങ്കളാഴ്ച പുനരാരംഭിക്കും. 2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിലെ ധനാഭ്യർത്ഥനകളെക്കുറിച്ചുള്ള ചർച്ചയും വോട്ടെടുപ്പും രണ്ടു ദിവസങ്ങളിലായി നടക്കും. പരിഷ്കരിച്ച ബജറ്റുമായി ബന്ധപ്പെട്ട ധനവിനിയോഗ ബിൽ സഭ ബുധനാഴ്ച പരിഗണിക്കും.

&&&&&&&&&&&&&&&&&&&&&&&&

**PULSE POLIO**

രാജ്യവ്യാപകമായി നടത്തുന്ന പൾസ് പോളിയോ തുള്ളിമരുന്ന് വിതരണം നാളെ നടക്കും. പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം നാളെ മന്ത്രി കെ. മുരളീധരൻ തിരുവനന്തപുരത്ത് നിർവ്വഹിക്കും.

&&&&&&&&&&&&&&&&&&&&&&&&

## FIFA WORLD CUP FOOTBALL

ഫിഫ ലോകകപ്പിൽ ഗ്രൂപ്പ് ജിയിൽ ന്യൂസിലാന്റിനെ തകർത്ത് ബെൽജിയം നോക്കൗട്ട് റൗണ്ടിൽ പ്രവേശിച്ചു. ഒന്നിനെതിരെ 5 ഗോളുകൾക്കാണ് ബെൽജിയത്തിന്റെ ജയം. ഇതോടെ ന്യൂസിലാന്റ് ലോകകപ്പിൽ നിന്ന് പുറത്തായി. അതേസമയം ഈജിപ്റ്റും ഇറാനും തമ്മിലുള്ള പോരാട്ടം സമനിലയിൽ കലാശിച്ചു. സിയാറ്റിൽ നടന്ന മത്സരത്തിൽ ഇരുടീമുകളും ഓരോ ഗോളുകൾ വീതം നേടി. പോയിന്റ് പട്ടികയിൽ രണ്ടാമതുള്ള ഈജിപ്റ്റും നോക്കൗട്ട് സാധ്യത നിലനിർത്തി. ഗ്രൂപ്പ് എച്ചിലെ നിർണായക മത്സരത്തിൽ യുറഗ്വയെ സ്പെയിൻ ഒരു ഗോളിന് പരാജയപ്പെടുത്തി. ഇതോടെ മൂന്നു മത്സരങ്ങളിൽ നിന്ന് രണ്ട് ജയവും ഒരു സമനിലയുമായി 7 പോയിന്റോടെ സ്പെയിൻ നോക്കൗട്ട് യോഗ്യത നേടി. മറ്റൊരു മത്സരത്തിൽ സൗദി അറേബ്യയെ സമനിലയിൽ തളച്ച് കേപ് വെർദയും നോക്കൗട്ട് റൗണ്ടിൽ പ്രവേശിച്ചു.

&&&&&&&&&&&&&&&&&&&&&&&&&

## KEEM - EXAM RESULT

കേരള എൻജിനീയറിംഗ്, ഫാർമസി പ്രവേശന പരീക്ഷ ഫലം ഇന്ന് പ്രഖ്യാപിക്കും. എറണാകുളം കളമശേരി, പത്തടിപാലം ഗവൺമെന്റ് റെസ്റ്റ് ഹൗസിൽ അല്പസമയത്തിനകം ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി. എം. ജോൺ ഫലപ്രഖ്യാപനം നടത്തും.

&&&&&&&&&&&&&&&&&&&&&&&&&

## HYDROGEN FACILITY-NUCLEAR -VC

ലോകത്തിലെ ആദ്യ കോപ്പർ-ക്ലോറിൻ അധിഷ്ഠിത ഹൈഡ്രജൻ ഉൽപ്പാദന കേന്ദ്രം കൽപ്പാക്കത്തെ ഇന്ദിരാഗാന്ധി സെന്റർ ഫോർ അറ്റോമിക് റിസർച്ചിൽ സ്ഥാപിച്ചു. മുംബൈയിലെ ഭാഭാ അറ്റോമിക് റിസർച്ച് സെന്റർ സ്വന്തമായി വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യയാണ് ഇതിൽ ഉപയോഗിക്കുന്നത്. ആണവോർജ്ജം ഉപയോഗിച്ച് കോപ്പർ-ക്ലോറിൻ എന്ന

രാസപ്രക്രിയ വഴി ഹൈഡ്രജൻ ഉണ്ടാക്കാൻ കഴിയുമെന്ന് തെളിയിക്കാനുള്ള ഒരു മാതൃകാ കേന്ദ്രമാണിത്.

**&&&&&&&&&&&&&&&&&&&&&&&&&**

## US VANCE IRAN

ഇറാൻറെ ഭാവി ആക്രമണങ്ങളെ സൈനിക നീക്കത്തിലൂടെ അതിശക്തമായി നേരിടുമെന്ന് മുന്നറിയിപ്പുമായി അമേരിക്ക. നേരത്തെ ഇറാനിൽ നടത്തിയ സൈനിക ആക്രമണത്തിന് പിന്നാലെയാണ് യുഎസ് വൈസ് പ്രസിഡൻറ് ജെ ഡി വാൻസ്, മുന്നറിയിപ്പുമായി രംഗത്തെത്തിയത്. ഇറാൻ വെടിനിർത്തൽ കരാറിൽ ഒപ്പുവെച്ചിട്ടുണ്ടെന്നും അമേരിക്ക അതിനെ മാനിച്ചുവെന്നും വാൻസ് സമൂഹമാധ്യമത്തിൽ അറിയിച്ചു. കരാറുമായി ബന്ധപ്പെട്ട ഏതൊരു തർക്കവും ചർച്ചയിലൂടെ പരിഹരിക്കപ്പെടണമെന്നും എന്നാൽ ആക്രമണം നടത്തിയാൽ സൈനികനീക്കത്തിലൂടെ മറുപടി നൽകുമെന്നുമാണ് വാൻസിൻറെ മുന്നറിയിപ്പ്.

**&&&&&&&&&&&&&&&&&&&&&&**
**&&&&&&&&&&&&&&&&&&&&**
**&&&&&&&&&&&&&&&&&&&**